# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം  സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനുവരി 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I  തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2191-ന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ  പതിനെട്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ  2191-ന്റെ തിരുത്തിയ ഉത്തരം ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II ചരമോപചാരം

കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, കെ. ജെ. ജോർജ്, ജോർജ് മെഴ്സിയർ, പി. കുമാരൻ, എം. നാരായണൻ, സി. മോയിൻകുട്ടി, എസ്. ആർ. തങ്കരാജ്, ടി. ചാത്തു, കിട്ടപ്പ  നാരായണസ്വാമി, സുഗത കുമാരി എന്നിവരുടെ നിര്യാണം

മുൻമന്ത്രിയും പ്രമുഖ ട്രേഡ് യൂണിയൻ നേതാവുമായിരുന്ന കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, മുൻനിയമസഭാംഗങ്ങളായിരുന്ന കെ. ജെ. ജോർജ്, ജോർജ് മെഴ്സിയർ, പി. കുമാരൻ, എം. നാരായണൻ, സി. മോയിൻകുട്ടി, എസ്. ആർ. തങ്കരാജ്, ടി. ചാത്തു, കിട്ടപ്പ നാരായണസ്വാമി, പ്രശസ്ത കവയത്രി സുഗതകുമാരി എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് മുൻകാലങ്ങളിലെപ്പോലെ ചോദ്യോത്തരവേള തൽസമയം ചിത്രീകരിക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് അനുവാദം നൽകണം.

മി. സ്പീക്കർ: മാധ്യമപ്രവർത്തകർക്ക് പി.ആർ.ഡി. വഴി സഭാനടപടികൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പരാതിയുണ്ടെങ്കിൽ പരിശോധിച്ച് പരിഹരിക്കുന്നതാണ്.

## III ചെയർമാന്മാരുടെ പാനൽ

സർവ്വശ്രീ ജോൺ ഫെർണാണ്ടസ്, ഇ. കെ. വിജയൻ, കെ. എസ്. ശബരീനാഥൻ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ

ഇരുപത്തിരണ്ടാം സമ്മേളന കാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV അടിയന്തരപ്രമേയം

അനധികൃത നിയമനം

മി. സ്പീക്കർ: പി.എസ്.സി. പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ ഇടംപിടിച്ച് ജോലിക്കായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ വഞ്ചിച്ചുകൊണ്ട് സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തുന്ന ദിവസവേതന/കരാർ നിയമനങ്ങളും താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കയും അസംതൃപ്തിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ സർക്കാരിന്റെ കാലയളവിൽ അനധികൃത പിൻവാതിൽ നിയമനങ്ങൾ നടക്കുന്നുവെന്ന

ആക്ഷേപം അടിസ്ഥാനരഹിതമാണ്. നിയമനങ്ങൾ സുതാര്യമായി നടത്തണമെന്ന നിലപാടാണ് സർക്കാരിനുള്ളത്. പരമാവധി നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കാനും നിയമനങ്ങൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുമുള്ള പ്രക്രിയ നടന്നുവരികയാണ്. കമ്പനി/കോർപ്പറേഷൻ/ബോർഡ് തുടങ്ങിയ 52 സ്ഥാപനങ്ങളിലെ നിയമനം ഇതിനകം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. നിയമനചട്ടം രൂപീകരിക്കാനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ അത് സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലന്വേഷകർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം നൽകാനുള്ള നടപടികളും സ്വയംതൊഴിൽ കണ്ടെത്താനുള്ള പരിശീലനങ്ങളും നൽകിവരുന്നുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്താനും തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്കും അശരണരായ വനിതകൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധയിനം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുമാണ് ശ്രമിക്കുന്നത്. പശ്ചാത്തല മേഖലകളിൽ വൻതോതിൽ

നിക്ഷേപം നടത്തി ഉയർന്ന സാമ്പത്തിക വളർച്ചയും കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: യോഗ്യതയില്ലാത്തവരെ പല തസ്തികകളിലും നിയമനം നൽകി സ്ഥിരപ്പെടുത്തുന്ന രീതിയാണ് സർക്കാർ അവലംബിക്കുന്നത്. പി.എസ്.സി. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഉദ്യോഗാർത്ഥികൾക്കുപോലും നിയമനം നൽകാത്ത സർക്കാർ നടപടി പ്രതിഷേധാർഹമാണ്. റാങ്ക് ലിസ്റ്റുകൾ അട്ടിമറിച്ച് മാനദണ്ഡങ്ങളൊന്നും പാലിക്കാതെ ബന്ധുനിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും നടത്തി ഉദ്യോഗാർത്ഥികളെ വിഡ്ഢികളാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ എന്നിവിടങ്ങളിൽ നടത്തുന്ന അനധികൃത നിയമനങ്ങളും റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവകാശങ്ങൾ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യാൻ കഴിയില്ലെന്ന വാദവും തൊഴിൽരഹിതരായ യുവജനങ്ങളോട് കാട്ടുന്ന അനീതിയാണ്. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിൽ സർക്കാർ സർവ്വകാല റെക്കോർഡ്

സൃഷ്ടിച്ചിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): യുവതലമുറയുടെ തൊഴിൽപ്രശ്നം ഗൗരവമായി പരിഗണിക്കപ്പെടേണ്ട വിഷയമാണ്. പി.എസ്.സി. വിജ്ഞാപനമിറക്കി രണ്ട് വർഷത്തിനുള്ളിൽ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും പ്രധാന തസ്തികകളിൽ പ്രാഥമിക പരീക്ഷകൾക്കുപുറമെ മറ്റ് പരീക്ഷകൾ നടത്തുകയും ചെയ്യുന്നുണ്ട്. പി.എസ്.സി. നിയമനം നടത്തേണ്ടതായ പോസ്റ്റുകളിൽ മറ്റ് നിയമനങ്ങൾ നടത്തിയിട്ടില്ല. കുറഞ്ഞത് 10 വർഷമെങ്കിലും സർവ്വീസുണ്ടായിരുന്നവരെ മാനുഷികപരിഗണനയുടെ പേരിൽ സ്ഥിരപ്പെടുത്തിയത് റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരെ ബാധിക്കുകയില്ല. ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തത് സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ

പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര സർക്കാരിന്റെ കാർഷിക വിരുദ്ധ നയങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ : കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന കാർഷിക നിയമങ്ങൾ വില നിയന്ത്രിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾ പരിമിതപ്പെടുകയും ഭക്ഷ്യോത്പാദനം, ക്ഷീര വികസനം, കൃഷി തുടങ്ങിയ മേഖലകളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കർഷക ദ്രോഹപരമായ ഈ നിയമം പിൻവലിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുന്നതിനും കർഷകരുടെ ആശങ്കയകറ്റുന്നതിനും പ്രസ്തുത നിയമത്തിന് ബദൽ നിയമം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന നിയമങ്ങൾ കേരളത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാൽ നിയമനിർമ്മാണങ്ങളിലൂടെ കർഷകർക്ക് സംരക്ഷണം നൽകുന്ന നടപടികളാണ് സംസ്ഥാന സർക്കാർ

സ്വീകരിക്കുന്നത്. കൃഷിയും കാർഷിക വിപണനവും സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടതായതുകൊണ്ട് സംസ്ഥാന സർക്കാരുകളുടെ താത്പര്യം സംരക്ഷിച്ചുകൊണ്ടുമാത്രമേ കേന്ദ്ര നിയമങ്ങളുണ്ടാക്കാൻ പാടുള്ളൂ. ഈ നിയമം കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കും. ഈ നിയമം ഭക്ഷ്യസാധനങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന താങ്ങുവില നഷ്ടമാകാനും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും നിയമപരമായ പ്രക്രിയയാകാനും റേഷൻ സമ്പ്രദായവും പൊതുവിതരണരംഗവും തകരുന്ന സ്ഥിതിയുണ്ടാകാനും ഇടയാക്കും. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ കാണുന്നില്ല. ടി നിയമം നടപ്പിലാക്കുന്നതിനെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോർപ്പറേറ്റുകളുടെ ചൂഷണത്തിൽനിന്ന് കർഷകരെ സംരക്ഷിക്കുന്നതിനും അവർക്ക് പ്രയോജനപ്രദമാകുംവിധം നിയമനിർമ്മാണം നടത്തുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയുടെ സഹായത്തോടെ കരട് നിയമത്തിന് രൂപം നൽകിയിട്ടുണ്ട്.

(2) വായ്പാ ആപ്പുകൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ

ശ്രീ. കെ. എസ്. ശബരീനാഥൻ: സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ വായ്പാ ആപ്പുകൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ കണക്കിലെടുത്ത് സമഗ്ര നിയമനിർമ്മാണം നടത്തുന്നതിനും 1985-ലെ കേരള മണി ലെന്റേഴ്സ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനും ഓൺലൈൻ ഗെയിമിംഗും ഓൺലൈൻ ബാങ്കിംഗ് വായ്പാ ആപ്പുകളുമായുള്ള ബന്ധം അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാതെയും മണി ലെന്റേഴ്സ് ആക്ടിന് വിരുദ്ധമായും അനവധി സ്ഥാപനങ്ങൾ പല സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും കേരളത്തിൽ ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായി തെളിവുകൾ ലഭിച്ചിട്ടില്ല. എന്നാൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ ലഭിച്ചിട്ടുള്ള പരാതികളിന്മേൽ അന്വേഷണം നടത്തിവരികയാണ്. ഏതൊരാൾക്കും ഡൗൺലോഡ് ചെയ്യാവുന്ന തരത്തിൽ മണി ലെന്റിംഗ് ആപ്പുകളിലൂടെ ഉപഭോക്താവിന്റെ വ്യക്തിപരമായ വിവരങ്ങൾ ശേഖരിച്ച് 30 ശതമാനത്തോളം തുക പ്രോസസ്സിംഗ് ഫീസായി ഈടാക്കി ഒരാഴ്ച തിരിച്ചടവ് കാലാവധി നിശ്ചയിച്ച് ചെറിയ തുകകൾ

വായ്പയായി നൽകിയശേഷം തിരിച്ചടവിൽ വീഴ്ച വരുത്തുന്നവരെയും കുടുംബാംഗങ്ങളെയും ഭീഷണിപ്പെടുത്തിയും അപകീർത്തിപരമായ സന്ദേശങ്ങളയച്ചും മാനസികമായി സമ്മർദ്ദത്തിലാക്കുകയാണ് ഇവരുടെ രീതി. ഇത്തരം വായ്പാ ആപ്പുകൾക്കുപുറമെ ഓൺലൈൻ റമ്മികളിയിലൂടെ ചിലർ ചതിക്കുഴിയിൽപ്പെടുന്നതായ വിവരവും ലഭിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾ നിരീക്ഷിക്കുന്നതിന് സംസ്ഥാന പോലീസിന്റെ സൈബർ ഡോം വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സോഷ്യൽ മീഡിയാ സെൽ, ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയിലൂടെ ആവശ്യമായ ബോധവത്കരണം നടത്തിവരുന്നുമുണ്ട്. നിലവിലുള്ള നിയമങ്ങൾക്കുപരിയായി പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## VI സബ്മിഷൻ

### 1. കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കായംകുളം എൻ.ടി.പി.സി. കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കായംകുളം എൻ.ടി.പി.സി.-യുടെ സ്കോളർഷിപ്പോടെ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആലപ്പുഴ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ 11-01-2021-ന് കൂടിയ യോഗത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം 2022 മാർച്ചോടെ സ്കോളർഷിപ്പ് അവസാനിപ്പിക്കുകയാണെന്നും വിദ്യാലയത്തിന്റെ നടത്തിപ്പ് കേന്ദ്രീയ വിദ്യാലയ സമിതി ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ ലീസിന് നൽകാൻ തയ്യാറാണെന്നും എൻ.ടി.പി.സി. അധികൃതർ അറിയിക്കുകയുണ്ടായി. സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ എൻ.ടി.പി.സി.-യിൽനിന്ന് ഏറ്റെടുത്ത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് നൽകുന്നപക്ഷം വിദ്യാലയം സിവിൽ സെക്യൂരിലേയ്ക്ക് മാറ്റി നടത്താമെന്ന് യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാരിന് കൈമാറുന്നതിന് എൻ.ടി.പി.സി.-യോട് ആവശ്യപ്പെടാനും കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് കൈമാറാനുള്ള നടപടി സ്വീകരിക്കാനും യോഗത്തിൽ ധാരണയായിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടി പൂർത്തീകരിക്കുന്നതുവരെ വിദ്യാലയത്തിന്റെ പ്രവർത്തനം തുടരുന്നതിന് കേന്ദ്രീയ വിദ്യാലയ സമിതിയും എൻ.ടി.പി.സി.-യും

തീരുമാനമെടുക്കുകയും ഒന്നാം ക്ലാസിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നതിനും 2022 മാർച്ച് വരെ വിദ്യാലയത്തിനുള്ള എൻ.ടി.പി.സി. സ്കോളർഷിപ്പ് തുടരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടി വിദ്യാലയം നിലനിർത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## 2. റേഷൻ പെർമിറ്റ്

ശ്രീ. പി. ടി. തോമസ്: മഠങ്ങളിലും ആശ്രമങ്ങളിലും അനാഥാലയങ്ങളിലുമുള്ള അന്തേവാസികൾക്ക് റേഷൻ പെർമിറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതോടെ സംസ്ഥാനത്തിനുള്ള ഭക്ഷ്യവിഹിതം 14.25 മെ.ടൺ ആയി കുറഞ്ഞ സാഹചര്യത്തിൽ സ്ഥാപന പെർമിറ്റുകൾ നിർത്തലാക്കേണ്ട അവസ്ഥയുണ്ടായി. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ ഒരംഗത്തിന് 5 കിലോ അരിവീതവും സർക്കാർ അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾക്ക് നാല് അന്തേവാസികൾക്ക് ഒരെണ്ണം എന്ന കണക്കിലും അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് നവംബർ,

ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. താമസ സർട്ടിഫിക്കറ്റിന് പകരമായി സ്ഥാപനത്തിലെ അധികാരി നൽകുന്ന സത്യപ്രസ്താവന, അന്തേവാസികളുടെ ആധാർ കാർഡ് എന്നിവ അടിസ്ഥാനമാക്കി റേഷൻ കാർഡ് അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

3. പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മിക്കുന്നതിനായി 2014-ലാണ് 98,52,00,000 രൂപയുടെ സാങ്കേതിക അനുമതി നൽകിയത്. നിർമ്മാണ കരാർ നൽകി നെഗോഷിയേറ്റഡ് പർച്ചേസ് വഴി ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ചില ഭൂഉടമകൾ കേസ്സുമായി മുന്നോട്ട് പോയതിനെത്തുടർന്നും മറ്റ് പല കാരണങ്ങളാലും ഭൂമി ഏറ്റെടുക്കാൻ സാധിച്ചില്ല. നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലും നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള എൽ.ഒ.സി. പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

4. റോഡ് നിർമ്മാണം

ശ്രീ. വി. പി. സജീന്ദ്രൻ: കിഫ്ബി ഏറ്റെടുത്ത മനക്കകടവ് - നെല്ലാട് - പട്ടിമറ്റം റോഡിന്റെയും മണ്ണൂർ-പോഞ്ഞാശ്ശേരി റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഉദ്യോഗസ്ഥതല അനാസ്ഥ ഒഴിവാക്കി മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മനക്കകടവ് - നെല്ലാട് - പട്ടിമറ്റം റോഡുനിർമ്മാണത്തിന്റെ കാര്യത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ ഭാഗത്തുണ്ടായ കാലതാമസമാണ് തടസ്സം സൃഷ്ടിച്ചിരിക്കുന്നത്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വാട്ടർ അതോറിറ്റിക്ക് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുനിർമ്മാണം പുരോഗമിക്കുകയാണ്; 2021 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

5. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ടി. ബൽറാം: സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി തൃത്താല നിയോജകമണ്ഡലത്തിലെ

കരിയന്നൂർ, സുശീലപ്പടി റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കരിയന്നൂർ, സുശീലപ്പടി റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 40 കോടി രൂപയുടെ പ്രൊപ്പോസൽ മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചാൽ പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതാണ്.

6. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി

ശ്രീ. വി. എസ്. ശിവകുമാർ: വേളി ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് നൽകാനുള്ള വേതന കുടിശ്ശികയും ആത്മഹത്യ ചെയ്ത കരാർ തൊഴിലാളിയുടെ കുടുംബത്തിന് നഷ്ടപരിഹാരവും നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : 01-02-2020-ൽ പുതുക്കിയ സേവന-വേതന കരാർ വേളി ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അസംസ്കൃത പദാർത്ഥങ്ങളുടെ അഭാവംമൂലം കമ്പനി അടച്ചുപൂട്ടി. ശമ്പള കുടിശ്ശിക നൽകാതെ കമ്പനി അടച്ചുപൂട്ടിയതിനെത്തുടർന്ന് മാനേജ്മെന്റും യൂണിയൻ പ്രതിനിധികളുമായി

നടത്തിയ ചർച്ചയിൽ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അഡീഷണൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം മുഴുവൻ തൊഴിലാളികൾക്കും 2019-20 കാലയളവിലെ ബോണസ്, എക്സ്ഗ്രേഷ്യ, വേതന കുടിശ്ശിക എന്നിവ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽവകുപ്പിന്റെ ഇടപെടൽമൂലം തോന്നയ്ക്കൽ യൂണിറ്റ് തുറന്നു പ്രവർത്തിച്ചുതുടങ്ങിയെങ്കിലും വേളി യൂണിറ്റ് പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടായിട്ടില്ല. കരാർ ലംഘനം നടത്തിയതിന് സ്ഥാപനത്തിനെതിരെ തൊഴിൽവകുപ്പ് നിയമ നടപടി സ്വീകരിച്ചുവരുന്നു. മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രശ്ന പരിഹാരത്തിനുള്ള യോഗം ഇന്ന് നിശ്ചയിച്ചിട്ടുണ്ട്. വേളി യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കണമെന്നും തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നുമാണ് സർക്കാർ നിലപാട്.

## 7. പാരിസ്ഥിതിക ദുർബ്ബല മേഖല

ശ്രീമതി ഇ. എസ്. ബിജിമോൾ: വന്യജീവി സങ്കേതങ്ങൾക്ക് സമീപമുള്ള ജനവാസമേഖലകളെ പാരിസ്ഥിതിക ദുർബ്ബല

മേഖലയാക്കിക്കൊണ്ടുള്ള വിജ്ഞാപനം സംബന്ധിച്ച ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: വന്യജീവി സങ്കേതങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ വിവരങ്ങളും ജനങ്ങളിലെത്തിച്ച് കർഷകരുടെ ആശങ്ക ദൂരീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ്: ജനവാസമേഖലകൾ ഇക്കോളജിക്കലി സെൻസിറ്റീവ് സോണിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വന്യജീവി സങ്കേതങ്ങൾക്കുചുറ്റും പൂജ്യം മുതൽ ഒരു കിലോ മീറ്റർ ചുറ്റളവുവരെ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2020-ൽ ഇറക്കിയ കരട് വിജ്ഞാപനത്തിൽ പീരുമേട് നിയോജകമണ്ഡലത്തിലെ ചില ജനവാസ മേഖലകൾ ഉൾപ്പെട്ടിരുന്നു. ഇക്കാര്യത്തിലുള്ള കർഷകരുടെയും പ്രദേശവാസികളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി ടി

നിയോജകമണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഇടുക്കി വന്യജീവി സങ്കേതത്തിനുചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പുനർനിർണ്ണയം ചെയ്ത് ജനവാസ മേഖലകളും കൃഷിഭൂമിയും ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങൾക്കും വീടുകളുടെ പുനർനിർമ്മാണത്തിനും പുതിയ വീടുകൾ നിർമ്മിക്കുന്നതിനും നിയന്ത്രണവിധേയമായി റോഡുകൾ വീതികൂട്ടുന്നതിനും വൈദ്യുത കമ്പികൾ സ്ഥാപിക്കുന്നതിനും മരങ്ങൾ മുറിക്കുന്നതിനും നിലവിൽ തടസ്സമില്ല. ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

## 8. സംയുക്ത പരിശോധന

ശ്രീ. എസ്. രാജേന്ദ്രൻ: മൂന്നാറിലെ അടിമാലി റെയ്ഞ്ചിൽപ്പെട്ട ദേവികുളം താലൂക്കിലെ ഏലം കൃഷിഭൂമിയിൽ സംയുക്ത പരിശോധന നടത്തി പ്രശ്നപരിഹാരമുണ്ടാകുന്നതുവരെ ഒഴിപ്പിക്കൽനടപടി നിർത്തിവയ്ക്കുന്നതിനും കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മൂന്നാർ വനം ഡിവിഷനിലെ അടിമാലി റെയ്ഞ്ചിൽപ്പെട്ട ദേവികുളം താലൂക്കിലെ 18 ഹെക്ടർ 45 ഏക്കർ റിസർവ് വനം കയ്യേറി ഏലം കൃഷി

നടത്തിയതിൽപ്പെട്ട 6 ഹെക്ടർ സ്ഥലമാണ് മൂന്നാർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറും സംഘവും ഒഴിപ്പിച്ചിട്ടുള്ളത്. മൂന്നാർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെയും മറ്റ് വനം ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും യാതൊരു നിയമവിരുദ്ധ നടപടികളും ഉണ്ടായിട്ടില്ല. മലയാറ്റൂർ റിസർവ് വനത്തിൽ കയ്യേറ്റം ഒഴിപ്പിക്കലിനെതിരെ വിവിധ കോടതികളിലെ കേസുകളിൽ അനുകൂലവിധി ഉണ്ടായെങ്കിലും കയ്യേറ്റം ഒഴിപ്പിക്കാനെത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥരെ കയ്യേറ്റക്കാർ തടയുകയാണുണ്ടായത്. ഇത്തരം കയ്യേറ്റങ്ങൾ നിയമപരമായി ഒഴിപ്പിക്കേണ്ടതാണ്.

## 9. വന്യമൃഗ ശല്യം

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനും കർണ്ണാടക വനത്തിൽനിന്നും വരുന്ന ആനകളെ തിരിച്ചയയ്ക്കുന്നതിന് ആർ.ആർ.ടി.-യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങളെ റീ-ലൊക്കേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റിപ്പാർപ്പിക്കുന്നതിനും വൈദ്യുത ഫെൻസിംഗ് കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും നഷ്ടപരിഹാരത്തുക അടിയന്തരമായി നൽകുന്നതിനും വനം വകുപ്പ് ഓഫീസിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കർണ്ണാടക വനത്തിൽനിന്നും വരുന്ന ആനകളെ തിരികെ അയയ്ക്കുന്നതിന് നോർതേൺ സർക്കിൾ അസിസ്റ്റന്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ 'ഓപ്പറേഷൻ ഗജ' എന്ന പേരിൽ മറ്റ് ജില്ലകളിൽനിന്നും കാട്ടാനകളെ ഓടിക്കുന്നതിൽ പ്രാവീണ്യമുള്ള ജീവനക്കാരെയും താൽക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടീമിനെ നിയോഗിച്ചിട്ടുണ്ട്. കാസർഗോഡ് വനം ഡിവിഷനിൽ ഈ സാമ്പത്തിക വർഷം 17 കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിക്കാനും 12 കിലോമീറ്റർ അറ്റകുറ്റപ്പണി നടത്താനും ഫണ്ട് ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ ഇത് വ്യാപിപ്പിക്കാനും നടപടി സ്വീകരിച്ചതിനുപുറമെ വന്യജീവി ആക്രമണംമൂലമുണ്ടായ നഷ്ടപരിഹാരത്തുകയായി 54.82 ലക്ഷം രൂപ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

## 10. ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി സ്ഥലമെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾക്ക് 30 കോടിരൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്
2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്
3. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ

4. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

5. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്.

## VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX വ്യക്തിപരമായ വിശദീകരണം

വ്യക്തിപരമായി അധിക്ഷേപിച്ചത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: ഇന്നത്തെ ചോദ്യോത്തരവേളയിൽ വ്യക്തിപരമായി എന്നെ അധിക്ഷേപിക്കുകയുണ്ടായി. ബന്ധപ്പെട്ട വിഷയത്തിന്മേൽ ഇൻകം ടാക്സുകാർ എന്റെ പേരിൽ കേസെടുത്തിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്റെ പേരിൽ കുറ്റം കണ്ടെത്തിയാൽ ആ നിമിഷം ഞാൻ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്ന് വ്യക്തമാക്കുന്നു.

## X ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: " 2021 ജനുവരി 8-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ എ. പി. അനിൽ കുമാർ, വി. ടി. ബൽറാം, ഐ. സി. ബാലകൃഷ്ണൻ, കെ. എസ്. ശബരീനാഥൻ, വി. ഡി. സതീശൻ, സണ്ണി ജോസഫ്, അൻവർ സാദത്ത്, എൽദോസ് പി. കുന്നപ്പിള്ളിൽ, അനിൽ അക്കര, റോജി എം. ജോൺ, എം. വിൻസെന്റ്, എൻ. ഷംസുദ്ദീൻ, കെ. എൻ. എ. ഖാദർ, എൻ. എ. നെല്ലിക്കുന്ന്, ഡോ. എം. കെ. മുനീർ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. എസ്. ശർമ്മ: ആദരണീയനായ ഗവർണർ നടത്തിയ നയപ്രഖ്യാപനം ഭാവികേരളത്തിന് ദിശാബോധം നൽകുന്ന ഒന്നാണ്. കഴിഞ്ഞ നാലരവർഷത്തിനിടയിലുണ്ടായ പ്രകൃതി ദുരന്തങ്ങളും പകർച്ചവ്യാധികളും ശക്തമായി നേരിടാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. 20 ലക്ഷത്തോളം പേർക്ക് പുതിയതായി ക്ഷേമപദ്ധതികൾ അനുവദിച്ചതും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് കൃത്യമായി വിതരണം ചെയ്തതും

അഭിനന്ദനാർഹമാണ്. കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും നെൽകർഷകർക്ക് 2000 രൂപ റോയൽറ്റി നൽകാൻ തീരുമാനിച്ചതും നെല്ല് സംഭരണത്തിനാവശ്യമായ തുക നൽകിയതും ശ്രദ്ധേയമാണ്. അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കാത്തതും സൗജന്യ റേഷൻ നൽകുന്നതും പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തതും ഗോത്രവർഗ്ഗക്കാർക്കിടയിലെ പട്ടിണി മരണം അവസാനിപ്പിച്ച് അവർക്ക് ഭൂമിയും പട്ടയവും നൽകിയതും പ്രശംസനീയമാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ്-19 വ്യാപനവേളയിൽ സർക്കാർ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ മാതൃകാപരവും ലോകപ്രശംസനീയവുമായിരുന്നു. ശാസ്ത്രീയമായ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചതുകൊണ്ടാണ് മരണനിരക്ക് കുറയ്ക്കാൻ സാധിച്ചത്. കിഫ്ബിയിലുൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ നടപ്പാക്കിയ നടപടി മാതൃകാപരമാണ്. സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുകയും കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കുകയും ലൈഫ് മിഷൻ പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്ത സർക്കാരാണിത്. കോവിഡ്-19 കാലഘട്ടത്തിൽ ഗൾഫിൽനിന്നും നാട്ടിലെത്തി തിരിച്ചുപോകാൻ കഴിയാത്ത പ്രവാസികൾക്ക് 5000 രൂപവീതം ധനസഹായം അനുവദിച്ചതും

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചതും പ്രവാസി ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചതും മാതൃകാപരമായ പ്രവർത്തനങ്ങളാണ്. നെൽകൃഷിയുടെ വിസ്തൃതി 2.3 ലക്ഷം ഹെക്ടറായി ഉയർത്താനും പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാനും നെൽകർഷകർക്ക് റോയൽറ്റി നടപ്പിലാക്കി കാർഷികമേഖലയിൽ മുന്നേറ്റമുണ്ടാക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. വി. ടി. ബൽറാം: നന്ദിപ്രമേയത്തെ എതിർക്കുന്നു. വരുമാനം വർദ്ധിപ്പിക്കുന്നതിനോ ധൂർത്ത് നിയന്ത്രിക്കുന്നതിനോ ഉദ്യോഗസ്ഥ പുനർവിന്യാസം യാഥാർത്ഥ്യമാക്കുന്നതിനോ കിട്ടാക്കടവും നികുതിയും പിരിച്ചെടുക്കുന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല. സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന ജൻഡർ ഡിസ്ക്രിമിനേഷനെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല.

ശ്രീ. പി. ജെ. ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇടുക്കി പാക്കേജിനായി പ്രഖ്യാപിച്ച തുക ചെലവഴിക്കാനോ സിംഗിൾ വിൻഡോ ക്ലിയറൻസ് നടപ്പാക്കാനോ കാസ്പ് പദ്ധതി കാര്യക്ഷമമാക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പ്രധാന വരുമാന

സ്രോതസ്സുകളായ വാഹന, പെട്രോളിയം നികുതികൾ പൂർണ്ണമായും കിഫ്ബിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൊപ്രയുടെ മിനിമം സപ്പോർട്ട് പ്രൈസ് ഉല്പാദന ചെലവിന്റെ 50 ശതമാനം കൂട്ടി നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം. പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുന്നതിന് തയ്യാറാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. സർക്കാരിന്റെ അടിസ്ഥാനപരമായ ചുമതലകൾ പർവ്വതീകരിച്ചുകൊണ്ടുള്ള നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. രോഗപ്രതിരോധത്തിലുള്ള സർക്കാരിന്റെ പോരായ്മ കാരണമാണ് കേരള ജനത കോവിഡിൽനിന്നും മോചിതരാകാത്തത്.

ശ്രീമതി പി. അയിഷാ പോറ്റി : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കിയ സർക്കാരാണിത്. നോട്ട് നിരോധനം, ഓഖി, നിപ, പ്രളയം എന്നിവയെ നേരിടുന്നതിൽ ഈ സർക്കാർ നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണ്. കിഫ്ബി ധനസഹായത്തോടുകൂടി വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സൗകര്യമൊരുക്കാനും കാർഷിക മേഖലയിൽ

മുന്നേറ്റം കൈവരിക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാനും സാധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും കുടിവെള്ള വിതരണത്തിന് മുൻഗണന നൽകാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എൽദോ എബ്രഹാം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക മേഖല പുനരുദ്ധരിക്കുന്നതിനും ഭക്ഷ്യോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും തരിശുരഹിത സംസ്ഥാനമെന്ന ആശയം സാക്ഷാത്കരിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചു. സുഭിക്ഷകേരളം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും പഴം-പച്ചക്കറി ഇനങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുന്നതിനും ഹോർട്ടികോർപിലൂടെ ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചു. പട്ടയവിതരണത്തിൽ ചരിത്രനേട്ടം കൈവരിക്കാനും തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും സമ്പൂർണ്ണ വൈദ്യുതീകരണം

സാധ്യമാക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ നേട്ടം കൈവരിക്കാനും പൊതുമേഖലയെ ശക്തിപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. പോലീസ് സംവിധാനത്തിൽ മാറ്റം വരുത്താനും സാങ്കേതിക വിദ്യാഭ്യാസ മേഖലയെ സജീവമാക്കാനും ക്ഷീര-മൃഗ സംരക്ഷണ മേഖലകളിൽ മാറ്റങ്ങൾ കൊണ്ടുവരാനും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കാനും മുൻകയ്യെടുത്ത സർക്കാർ നടപടി സ്തുത്യർഹമാണ്.

ശ്രീ. സി. കെ. നാണു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും ഇടപെടൽ അഭിനന്ദനാർഹമാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തിയതും ആരോഗ്യ വകുപ്പിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിച്ച് താലൂക്കാശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലുടനീളം നടന്നുവരുന്ന പ്രവൃത്തികൾ ശ്ലാഘനീയമാണ്.

ശ്രീ. അനിൽ അക്കര: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തുടങ്ങിയ ക്ഷേമപെൻഷനുകൾ ഏകീകരിച്ച് നാമമാത്രമാക്കിയതും പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് ലഭ്യമാക്കുന്ന പദ്ധതി അട്ടിമറിച്ച നടപടിയും പ്രതിഷേധാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ശബരി റെയിൽപ്പാത യാഥാർത്ഥ്യമാക്കാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. എരുമേലി വിമാനത്താവളത്തിന്റെ കാര്യത്തിൽ തുടർനടപടികളുണ്ടാകണം. പരിവർത്തിത ക്രൈസ്തവ വിഭാഗത്തിന് സംവരണാനുകൂല്യം ലഭ്യമാക്കണം.

പ്രൊഫ. കെ. യു. അരുണൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രധാന നേട്ടമാണ്. ഹരിത കേരളം പദ്ധതിയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത നേടാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ആർദ്രം പദ്ധതിയിലൂടെ സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും വിദഗ്ദ്ധ ചികിത്സ സൗജന്യമായി ലഭ്യമാക്കാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയകരമായി നടപ്പാക്കാനും സർക്കാരിന് സാധിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭാവിയിൽ സ്വീകരിക്കാൻ പോകുന്ന നയനിലപാടുകളെക്കുറിച്ച് വ്യക്തമാക്കാതെ സർക്കാരിന്റെ പ്രവർത്തന റിപ്പോർട്ടും വിഫലമായ പ്രഖ്യാപനങ്ങളും ഉൾക്കൊള്ളുന്നതാണ് നയപ്രഖ്യാപന പ്രസംഗം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാർ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളും നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുംവേണ്ട നയമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം നിന്ന് മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. എല്ലാവർക്കും പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലകളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്താൻ കഴിഞ്ഞതും കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് റേഷൻ കാർഡുടമകൾക്കെല്ലാം ഭക്ഷ്യധാന്യകിറ്റ് നൽകിയതും ഓൺലൈൻ വിദ്യാഭ്യാസം ആരംഭിച്ചതും പൊതുവിദ്യാലയങ്ങളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. കെ-ഫോൺ, കെ-റെയിൽ

അടക്കമുള്ള വികസന പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ശ്ലാഘനീയമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിന്റെ മൊത്തം കടം വർദ്ധിച്ചതും പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായതും സഹകരണമേഖല തകർന്നതും സർക്കാരിന്റെ കെടുകാര്യസ്ഥത വ്യക്തമാക്കുന്നതാണ്. അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ ഈ സർക്കാർ ജനദ്രോഹനടപടികളുമായാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഓഖി, നിപ, പ്രളയം, കോവിഡ്-19 എന്നീ വെല്ലുവിളികളെ മികച്ച രീതിയിലാണ് സർക്കാർ പ്രതിരോധിച്ചത്. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സർക്കാർ ആശുപത്രികളിൽ കോവിഡ് രോഗികൾക്ക് സൗജന്യ ചികിത്സ നൽകാനും മരണനിരക്ക് കുറയ്ക്കാനും സാധിച്ചു. ക്ലാസ് മുറികൾ ഹൈടെക്ക് ആക്കാനും പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്താനും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. നിയമന നിരോധന ഉത്തരവിറക്കി തൊഴിലവസരങ്ങൾ നിഷേധിക്കുന്ന കേന്ദ്ര

നിലപാടിൽനിന്ന് വ്യത്യസ്തമായി കൂടുതൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്.

സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.

* * * * *